LIBRARY ARCHIVES Kerala Legislative Assembly

ഫ്ലാഷ് ബോർഡ് സ്ഥാപിച്ചിട്ട് പ്രവർത്തിപ്പിച്ചിട്ടില്ലാത്ത കാര്യം

58 (2296) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റെയിൽവേ സ്റ്റേഷനിൽ ട്രെയിനിന്റെ വരവും പോക്കും സംബന്ധിച്ച വിവരങ്ങൾ യാത്രക്കാർക്ക് അറിയുന്നതിന് വേണ്ടി ഫ്ലാഷ് ബോർഡ് സ്ഥാപിച്ചിട്ട് നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലാത്ത കാരണം വിശദമാക്കുമോ ;

(ബി) ഫ്ലാഷ് ബോർഡ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അറൈവൽ/ഡിപ്പാർച്ചർ ഡിസ്പ്ലേ ബോർഡ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കോച്ച് ഇൻഡിക്കേഷൻ ബോർഡ് പഴയ മോഡലായതിനാൽ കേടായ ശേഷം നന്നാക്കാൻ സാധിച്ചിട്ടില്ല. പുതിയ സോഫ്റ്റ്വെയർ ഉൾപ്പെടെ പുതിയ മോഡൽ സ്ഥാപിക്കേണ്ടതുണ്ട്.

(ബി) ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

റെയിൽവേ വികസനം

59 (T2297) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രധാന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) റെയിൽവേ ലൈൻ വൈദ്യുതീകരണം ഏതെല്ലാം മേഖലയിലാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള റെയിൽവേ ലൈൻ വൈദ്യുതീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുഖ്യമായും പിറവം റോഡ്-കുറുപ്പന്തറ, കുറുപ്പന്തറ-ചിങ്ങവനം, ചെങ്ങന്നൂർ-ചിങ്ങവനം, അമ്പലപ്പുഴ-ഹരിപ്പാട്, കുമ്പളം-തുറവൂർ, എറണാകുളം-കുമ്പളം പാതയിരട്ടിപ്പിക്കലും, പുനലൂർ-ഇടമൺ ഗേജ് മാറ്റവും, അങ്കമാലി-ശബരി റെയിൽപ്പാത, തിരുനാവായ- ഗുരുവായൂർ റെയിൽപാതയും കൂടാതെ പാത വൈദ്യുതീകരണവും ആണ് സംസ്ഥാനത്ത് ഇപ്പോൾ തുടർന്നു വരുന്ന പ്രധാന റെയിൽവേ പ്രവൃത്തികൾ.

(ബി) ഷൊർണൂർ-മംഗലാപുരം, തിരുവനന്തപുരം-നാഗർകോവിൽ-തിരുനെൽവേലി ലൈൻ എന്നിവയുടെ വൈദ്യുതീകരണം നടന്നുവരുന്നു.

(സി) പണികൾ അന്തിമ ഘട്ടത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ഡി) മാർച്ച് 2016-ഓടുകൂടി പണികൾ പൂർത്തീകരിക്കാനാണ് റെയിൽവേ ഉദ്ദേശിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു.

കൊച്ചി മെട്രോ റെയിൽ പദ്ധതി

60 (T2298) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനുള്ള സാമ്പത്തിക സഹായങ്ങൾ എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 മുഖേന എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; നടത്തിയിട്ടുണ്ടോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു